## മയ്യഴി പുഴയുടെ തീരങ്ങളിൽ



കഥാകൃത്ത്,നോവലിസ്റ്റ് എന്നിങ്ങനെയുള്ള നിലകളിൽ പ്രശസ്തനാ യ എം. മുകുന്ദന്റെ ഒരു നോവലാണ് 'മയ്യഴിപ്പുഴയുടെ തീരങ്ങളില്'.ഈ നോവലിലുടനീളം മയ്യഴിയുടെ കഥകൾ പറയുന്നു. ഫ്രഞ്ച് ആധിപത്യം സ്ഥാപിച്ച മേഖലയായിരുന്നു മയ്യഴി. ദാസനാണ് ഈ നോവലിലെ കേന്ദ്ര കഥാപാത്രം. മയ്യഴിയെ ബ്രിട്ടീഷുകാരിൽ നിന്നും മോചിപ്പിക്കുന്നു. കുഞ്ഞനന്ദൻ മാസ്റ്റർ




എന്ന കഥാപാത്രമാണ് ഇതിന് മുൻ കയ്യെടുക്കുന്നത്. മാസ്ര്റർ തുടങ്ങിവച്ച പ്രസ്ഥാനം അദ്ദേഹം മരിച്ചപ്പോൾ ദാസൻ ഏറ്റെടുക്കുന്നു. അങ്ങനെ മയ്യഴിയെ ഫ്രഞ്ചുകാരിൽ നിന്ന് മോചിപ്പിക്കുന്നു.

ദാസൻ പഠിച്ച് വലിയ ഉദ്യോഗസ്ഥനായി തന്റെ കഷ്ടപ്പാടുകൾ മാറുമെന്ന് ദാസന്റെ അച്ഛനായ രാമു കരുതി. എന്നാൽ ഏവരുടെയും ആഗ്രഹത്തെ ദാസൻ കെടുത്തിക്കളയുന്നു. ദാസൻ പഠിച്ച് തിരിച്ചു വരുമ്പോൾ മയ്യഴിയിൽ ആധിപത്യം സ്ഥാപിച്ചിരുന്ന ഒരു ഫ്രഞ്ച് സായ്പ് അവന് കത്തയക്കുന്നു. ഒരു ഉദ്യോഗം കൊടുക്കാമെന്നായിരുന്നു. ആ കത്തിൽ പറഞ്ഞിരുന്നത്. ദാസൻ അത് സന്തോഷപൂർവ്വം നിരസിക്കുന്നു. എന്നിട്ട് സ്വാതന്ത്ര്യസമരത്തിലേക്കിറങ്ങുന്നു. തന്റെ കുടുംബതതത്തിന്റെ വിഷമം, അത് തന്റേത് കൂടിയാണ്. പക്ഷേ, നാട്ടുകാരുടെ ദുഖം മാറി സന്തോഷം വരേണ്ടതുണ്ട്. അത് കൊണ്ട്

